**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **10-08-2023 - ല്‍ മറുപടിയ്ക്ക്**

**മലബാര്‍ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണന്‍** | | **ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാര്‍ ദേവസ്വം ജീവനക്കാര്‍ക്ക് ഏറ്റവും ഒടുവില്‍ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഏത് വര്‍ഷമാണ്; | (എ) | മലബാര്‍ ദേവസ്വം ബോര്‍ഡിന്റെ കീഴിലെ ക്ഷേത്ര ജീവനക്കാര്‍ക്ക് ഏറ്റവും ഒടുവില്‍ 01.03.2009 പ്രാബല്യത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ഏത് വര്‍ഷത്തിലാണ് പുറപ്പെടുവിച്ചത്; | (ബി) | ക്ഷേത്രജീവനക്കാരുടെ ശമ്പളം 01.07.2019 പ്രാബല്യത്തില്‍ പരിഷ്കരിക്കുന്നതിന് 12.02.2021 തീയതിയിലെ GO(Ms) 57/2021 പ്രകാരമാണ് ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | ശമ്പള പരിഷ്കരണത്തിലെ അപാകതകള്‍ പരിഹരിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ; | (സി) | ക്ഷേത്രജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസര്‍മാരുടേയും ശമ്പളപരിഷ്കരണത്തിലെ അനോമലി പരിഹരിച്ച് കൊണ്ട് 11.01.2022 തീയതിയില്‍ മലബാര്‍ ദേവസ്വം ബോര്‍ഡ് യോഗം തീരുമാനം എടുത്തിരുന്നു എങ്കിലും സര്‍ക്കാര്‍ അനുമതിയില്ലാതെ എടുത്ത പ്രസ്തുത തീരുമാനം പ്രായോഗികമായി നിലനില്‍ക്കാത്തതിനാല്‍ 13.07.2022 ലെ മലബാര്‍ ദേവസ്വം ബോര്‍ഡ് യോഗം, തീരുമാനം നമ്പര്‍(1) പ്രകാരം ആയത് റദ്ദ് ചെയ്തിരുന്നു. |
| (ഡി) | പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് ബോര്‍ഡ് മരവിപ്പിച്ചിരുന്നോ; ഉണ്ടെങ്കില്‍ കാരണം വ്യക്തമാക്കാമോ; | (ഡി) | ക്ഷേത്രജീവനക്കാരുടേയും എക്സിക്യൂട്ടീവ് ഓഫീസര്‍മാരുടേയും ശമ്പളപരിഷ്കരണത്തിലെ അനോമലി പരിഹരിച്ച് കൊണ്ട് 11.01.2022 തീയതിയില്‍ മലബാര്‍ ദേവസ്വം ബോര്‍ഡ് യോഗം തീരുമാനം എടുത്തിരുന്നു എങ്കിലും സര്‍ക്കാര്‍ അനുമതിയില്ലാതെ എടുത്ത പ്രസ്തുത തീരുമാനം പ്രായോഗികമായി നിലനില്‍ക്കാത്തതിനാല്‍ 13.07.2022 ലെ മലബാര്‍ ദേവസ്വം ബോര്‍ഡ് യോഗം, തീരുമാനം നമ്പര്‍(1) പ്രകാരം ആയത് റദ്ദ് ചെയ്തിരുന്നു. |
| (ഇ) | അപാകതകള്‍ പരിഹരിച്ച് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ | (ഇ) | സര്‍ക്കാര്‍ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകള്‍ പരിഹരിക്കുന്നതിനു |

| | | | |
|---|---|---|---|
| | കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | | മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ചില അപാകതകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് അതിന്മേൽ മലബാർ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആരായുകയും ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് 31.07.2023 ലെ മലബാർ ദേവസ്വം ബോർഡ് യോഗം വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ് എന്നും മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.<br><br>മലബാർ ദേവസ്വം, ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അംഗീകരിച്ചിട്ടുണ്ട്. |
| (എഫ്) | അപാകതകൾ പരിഹരിച്ചു കൊണ്ട് ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം എന്നത്തേയ്ക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | സർക്കാർ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനു മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ചില അപാകതകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് അതിന്മേൽ മലബാർ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആരായുകയും ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് 31.07.2023 ലെ മലബാർ ദേവസ്വം ബോർഡ് യോഗം വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ് എന്നും മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.<br><br>മലബാർ ദേവസ്വം, ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ